**കേരള സർക്കാർ**

**സംഗ്രഹം**

എൻ.സി.സി - വയനാട് മാനന്തവാടിയിൽ ആരംഭിക്കുന്ന 5 കേരളാ എൻ.സി.സി. ബറ്റാലിയൻ ഓഫീസിന്റെ പ്രവർത്തനത്തിനായി ജീവനക്കാരെ പുനർ വിന്യാസം വഴി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2149/2018/ഉവിവ. തീയതി, തിരുവനന്തപുരം, 27.11.2018

---

പരാമർശം:- 1) 26-10-2013 ലെ ജി.ഒ.(എം.എസ്) 2127/2013/ഉവിവ നമ്പർ ഉത്തരവ്.
2) എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 07.11.2018 ലെ 7909/പി3-പബ്/2017/എൻ.സി.സി. നം. കത്ത്.

**ഉത്തരവ്**

വയനാട് മാനന്തവാടിയിൽ പുതിയ എൻ.സി.സി. ആർമി ബറ്റാലിയൻ ആരംഭിക്കുന്നതിന് പരാമർശം (1) പ്രകാരം തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ബറ്റാലിയനിലേയ്ക്ക് ആവശ്യമായ ഫണ്ടും ഒരു ഓഫീസറും 18 സായുധസേനാംഗങ്ങളും പരിശീലന സാമഗ്രികളും (വാഹനം, യൂണിഫോം etc) ഉൾപ്പെടെയുള്ള കേഡറ്റുകൾക്കാവശ്യമായ കേന്ദ്ര സർക്കാർ വിഹിതം ലഭിച്ചിട്ടുണ്ടെന്നും സംസ്ഥാന സർക്കാർ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി താമസിക്കുന്ന സാഹചര്യത്തിലും കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിലെ സേനാംഗങ്ങൾക്ക് സംസ്ഥാന സർക്കാർ ജീവനക്കാരില്ലാതെ കേഡറ്റുകളുടെ പരിശീലന പരിപാടി ആരംഭിക്കുവാൻ സാധിക്കുകയില്ലാ എന്ന വസ്തുത കണക്കിലെടുത്തും പ്രസ്തുത യൂണിറ്റിലേയ്ക്ക് പുതിയ തസ്തിക അനുവദിക്കുന്നതുവരെ ഓഫീസ് പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ പുനർവിന്യാസം വഴി നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് എൻ.സി.സി. വകുപ്പ് എ.ഡി.ജി. പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വയനാട് മാനന്തവാടിയിൽ പുതുതായി ആരംഭിച്ച 5 കേരളാ എൻ.സി.സി ബറ്റാലിയൻ ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കും പ്രകാരം ജീവനക്കാരുടെ പുനർവിന്യാസം വഴി, പുതിയ തസ്തിക അനുവദിക്കുന്നതുവരെ, നിയമിക്കുന്നതിന് എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | ജൂനിയർ സൂപ്രണ്ട് | 1 |
| 2 | ക്ലാർക്ക് | 4 |
| 3 | ടൈപ്പിസ്റ്റ് | 2<br>(ക്ലറിക്കൽ ജോലി കൂടി ചെയ്യേണ്ടതാണ്) |
| 4 | ഡ്രൈവർ | 1 |
| 5 | ഓഫീസ് അറ്റൻഡന്റ് | 1 |
| 6 | ലസ്കർ | 2 |
| | ആകെ | 11 |

...2

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു റ്റി.**
അണ്ടർ സെക്രട്ടറി

അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
www.highereducation.kerala.gov.in
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ